# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1664 — 15/02/2016 ൽ മറുപടിയ്ക്ക്.

### ഗ്രാമപഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജു പോൾ: | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ:

(എ) ഉണ്ട്

(ബി) വാഹനമുള്ള മുഴുവൻ പഞ്ചായത്തുകൾക്കും സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിക്കപ്പെടാത്തത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യത്തിൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(സി) സ്വന്തമായി വാഹനമുള്ള എത്ര പഞ്ചായത്തുകളിൽ സ്ഥിരം ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും ഇല്ലെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(സി)

| ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ജില്ലതിരിച്ചുള്ള കണക്ക് | സ്വന്തമായി വാഹനങ്ങളുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | സ്ഥിരം തസ്തികകളുടെ എണ്ണം | സൃഷ്ടിക്കാത്തവ |
| --- | --- | --- | --- |
| തിരുവനന്തപുരം | 71 | 55 | 16 |
| കൊല്ലം | 66 | 9 | 57 |
| ആലപ്പുഴ | 32 | 3 | 29 |
| പത്തനംതിട്ട | 48 | 21 | 27 |
| കോട്ടയം | 58 | 36 | 22 |
| ഇടുക്കി | 44 | 23 | 21 |
| എറണാകുളം | 69 | 2 | 67 |
| തൃശ്ശൂർ | 84 | 3 | 81 |
| മലപ്പുറം | 92 | 19 | 73 |
| പാലക്കാട് | 75 | 12 | 63 |

| | | | |
|---|---|---|---|
| കോഴിക്കോട് | 68 | 41 | 27 |
| വയനാട് | 25 | 21 | 4 |
| കണ്ണൂർ | 71 | 21 | 50 |
| കാസറഗോഡ് | 38 | 13 | 25 |

(ഡി) അർഹതപ്പെട്ട എത്ര പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ചിട്ടില്ലെന്ന് അറിയിക്കുമോ;

(ഇ) ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിച്ചാൽ ഖജനാവിന് ബാധ്യതയാകുമെന്ന് കരുതുന്നുണ്ടോ; തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) യും (ഇ) യും ആറോ അതിലധികമോ ക്ളറിക്കൽ ജീവനക്കാരുള്ള 520 ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണ്ട് നിരസിക്കുകയുണ്ടായി.

(എഫ്) പഞ്ചായത്തിലെ ജീവനക്കാർക്കും മറ്റ് വകുപ്പുകളിലെ ജീവനക്കാർക്കും ഒരേ സർവ്വീസ് ചട്ടം തന്നെയാണോ ഉള്ളത്; വ്യത്യാസം ഉണ്ടെങ്കിൽ വിശദമാക്കാമോ; ചട്ടം ഏകീകരിക്കുമോ?

(എഫ്) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മറ്റ് വകുപ്പിലെ ജീവനക്കാർക്ക് ബാധകമായ പൊതു സർവ്വീസ് ചട്ടങ്ങളോടൊപ്പം 1994-ലെ കേരള പഞ്ചായത്ത് സർവ്വീസ് ചട്ടങ്ങളും ബാധകമാണ്. ചട്ടം ഏകീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(signature)

സെക്ഷൻ ഓഫീസർ